**Weekly - Devotion -July 2019**

## cruse of tears (*കണ്ണുനീർതുള്ളി ) സങ്കീ:56:8)*

**“A Jesus who never wept could never wipe away my tears”**

**Charles.H.Spurgean**




ഈ ആപ്ത വാക്യത്തിന്റെ ഫലം അനുഭവിക്കുന്നവരാണ് ദൈവസ്നേഹികളായ ഓരോരുത്തരും “അൻപിൻ ദൈവമെന്നെ നടത്തിയ……. എന്ന ഗാനത്തിന്റെ രചയിതാവ് തന്റെ അനുഭവം രേഖപ്പെടുത്തിയതു വായിക്കുകയുണ്ടായി . ഗൾഫ് നാടുകളിൽ സർക്കാർ തലത്തിൽ നിന്ന് ഒരു കാര്യത്തിന് അനുവാദം കിട്ടുക എന്നത് പ്രയാസമുള്ള കാര്യമാണ് . കമ്പിനിയുടെയും, തൊഴിലാളികളുടെയും പലവിധപ്രശ്നങ്ങൾ പരിഹരിക്കുവാൻ ചുമതലപ്പെട്ട കമ്പിനിയുടെ മാനേജരായ അദ്ദേഹം ഈ വിഷയത്തെ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. തന്റെ ബലഹീനതയിൽ കൂടെ നിലക്കണേ എന്ന് പ്രാർത്ഥിച്ചു. office ൽ പോകേണ്ട ദിവസം പ്രാർത്ഥനയോടെ എത്തി ഉള്ളം നൊന്തതറിഞ്ഞ ദൈവം അവിടെ പ്രവർത്തിച്ചു പ്രശ്നത്തിന് പരിഹാരം ലഭിച്ചതിന്റെ നന്ദി ഹൃദയത്തിൽ നിറഞ്ഞപ്പോൾ കോറിയിട്ട വരികൾ ആണ് പിന്നീട് പാട്ടായത്

സങ്കീ :(56:8) ൽ സങ്കീർത്തനക്കാരൻ രണ്ട് കാര്യങ്ങളാണ് പറയുന്നത്

***1 നീ എന്റെ ഉഴൽചകളെ (tossing) എണ്ണുന്നു.***

ഗോല്യാത്തിന്റെ തലവെട്ടി ഫെലിസ്ത്യരെ തോല്പ്പിച്ച് വിജയം നൽകിയ ദിവസം മുതൽ ശൗലിന്റെ മരണം വരെ ദാവീദിന്റെ ജീവിതം ഒരു ദേശാടനപക്ഷിയുടെതു പോലെ ആയിരുന്നു. ഫെലിസ്ത്യർ ദാവീദിനെ ഗത്തിൽ പിടിച്ചപ്പോൾ ചമച്ചതാണ് ഈ സങ്കീർത്തനം . തന്റെ കഷ്ടതകളെ കാണുന്ന ദൈവം തന്റെ പ്രതികൂലങ്ങളിൽ താൻ ഒഴുക്കുന്ന കണ്ണുനീരും കാണുമെന്ന് വിശ്വസിക്കുന്നു. ഈ അഭയാർത്ഥിയുടെ ഓരോ കാലടിയും ഉഴന്നു നടക്കലും ദൈവം അറിയുന്നുണ്ട് എന്ന് മാത്രമല്ല അത് രേഖപ്പെടുത്തുകയും ചെയ്യുന്നു. ഒരുവൻ തന്റെ പണം എണ്ണിനോക്കുന്നതുപോലെ ദൈവം നമ്മുടെ ഓരോ ചുവടും എണ്ണിതിട്ടപ്പെടുത്തുന്നു.

***2 എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ ആക്കിവെയ്ക്കണമെ.***

ഇതു റോമാക്കാരുടെ ഇടയിലുള്ള പതിവാണ് കണ്ണുനീർ നിലത്തുകളയാതെ തോൽത്തുരുത്തിയിൽ അവർ ശേഖരിച്ചിരുന്നു. അവർ എവിടെപ്പോയാലും തുരുത്തി അവരോടൊപ്പം കാണും . ഒരു വ്യക്തിയുടെ മരണം സംഭവിച്ചാൽ അയാളുടെ തോൽത്തുരുത്തിയും ശവം അടക്കുന്ന കുഴിയിൽ ഇടുന്നു. നിറഞ്ഞ കണ്ണുനീർ തുരുത്തിയുടെ ഉടമ മരിച്ചതിന്റെ വിലാപം ഏറെ നാൾകാണും.

തടവിലായ ദാവീദിന്റെ കൈവശം ഈ കണ്ണുനീർ തുരുത്തി ഇല്ലായിരുന്നു. എന്നിട്ടും ദൈവം തന്റെ കണ്ണുനീർ തുരുത്തിയിൽ ശേഖരിച്ച് മറുപടി തരുമെന്ന് അദ്ദേഹം വിശ്വസിച്ചു . ഓർമ്മയുടെ പുസ്തകത്തിൽ അത് രേഖപ്പെടുത്തി അവിടുത്തെ മുമ്പിൽതന്നെ വെച്ചുകൊള്ളേണമേ എന്ന് അപേക്ഷിക്കുന്നു. ഇന്ന് നാം ഒഴുക്കുന്ന കണ്ണുനീരും നമ്മുടെ പലപ്രശനങ്ങളും ദൈവം ശേഖരിച്ച് മറുപടിതരുന്നു.

## ***<u>പലവിധത്തിലുള്ള കണ്ണുനീരുകൾ</u>***

1, ***<u>നിശബ്ദകരച്ചിൽ</u>*** - ഇതിന്റെ പ്രത്യേകത ഹൃദയം വേദനിച്ച് ചുണ്ട്വിറക്കും പക്ഷേ ശബ്ദം പുറത്തുവരുകയില്ല. കണ്ണുനീർ ധാരധാരയായി ഒഴുകും കാണുന്നവർ ആ വ്യക്തി ലഹരിയിലാണോ എന്നുപോലും ചിന്തിയ്ക്കും

read 1 ശമു: 1:7 , 10-15, 19,27)

2, ***ഉച്ചത്തിലുള്ളകരച്ചിൽ*** - ഹിസ്കിയാവ് (യെശ: 38.4)

ഉച്ചത്തിൽ കരഞ്ഞ സ്ത്രീകൾ - ലൂക്കോ:23.38

യേശു കാൽവറിയിൽ കരഞ്ഞു അത്യുച്ചത്തിൽ - (മത്താ 27.45

( “Jesus wept but never complained”) Charles.H.Spurgean

3, ***അറയിൽ കടന്ന് കരഞ്ഞു*** - Joseph (ഉല്പ. 43.30)

4, ***ഉള്ളം നൊന്തകരച്ചിൽ*** - ( ലൂക്കേ. 7 : 13 ) , യോഹ 11.33-35

5, ***കൂലിക്ക് കരയുന്നവർ*** - മത്താ(9:23-25) ഇവർക്ക് ക്രിസ്തുവിന്റെ മറുപടി ആവശ്യമില്ല. മറ്റുള്ളവർക്കെല്ലാം യേശു മറുപടി നൽകുന്നു. മറുപടി ലഭിക്കാത്ത പലവിഷയങ്ങളും നമുക്കുണ്ട് എന്താണ് കാരണം എന്ന് ചോദിക്കുമ്പോഴും വീണ്ടും നാം കരയുന്നു. ഹബക്കുക്കിനും തന്റെ ചുറ്റുപാടുമുള്ള പലതും വിഷമം നൽകുന്നതാണ് . അദ്ദേഹവും ദൈവത്തോട് ചോദ്യം തുടർന്നു പക്ഷെ കണ്ണുനീരോടെ പ്രർത്ഥിച്ചു. കാരണം തന്റെ ദൈവത്തെ അദ്ദേഹം അത്രയ്ക്ക് വിശ്വസിച്ചിരുന്നു. (ഹബ:1:2-4) നാം ഇന്ന് ജീവിക്കുന്ന ഈ ലോകവും നമ്മുടെ ചുറ്റുമുള്ള പ്രശ്നങ്ങളും എന്തുകൊണ്ട് ഇങ്ങനെ മൂല്യച്ചുതി സംഭവിച്ചതാകുന്നു. പ്രാർത്ഥിക്കുന്ന വിഷയത്തിന് എന്താണ് മറുപടി ലഭിക്കാത്തത് എന്നോർത്തു ഭാരപ്പെടേണ്ട ജീവൻ നഷ്ടമായി എന്ന് കരുതിയ പല പ്രശ്നങ്ങൾക്കും ജീവൻ നൽകുവനാണ്. വിശ്വാസത്തോടെ മുൻപോട്ടുപോകുക ഫലം ദൈവം തരും . ദൈവം നിങ്ങളെ ശക്തിപ്പെടുത്തട്ടെ.

***ശാന്തമ്മ വർഗ്ഗീസ്***

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg